ORTHODOX CHRISTIAN YOUTH MOVEMENT
St.Thomas Orthodox Cathedral, Dubai - U.A.E.

## മാർ തേവോദോസിയോസ് അവാർഡ് 2015

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ പ്രഥമ വികാരിയും ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്ക് ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിയ കൽക്കട്ട ഭദ്രാസനാധിപനും ആയിരുന്ന ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ പാവന സ്മരണാർത്ഥം ദുബായ് സെന്റ് തോമസ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2008 മുതൽ സമൂഹത്തിലെ സാമൂഹിക-സേവന -ജീവകാരുണ്യ കർമ്മപഥങ്ങളിൽ നിസ്സ്വാർത്ഥ സേവനം ചെയ്തുവരുന്ന മലങ്കര സഭയിലെ ഏറ്റവും അർഹതപ്പെട്ട വ്യക്തിത്വത്തിന് മാർ തേവോദോസിയോസ് അവാർഡ് നൽകപ്പെടുന്നു. പ്രസ്തുത അവാർഡിന് ഈ വർഷം അർഹനായിരിക്കുന്നത് മലങ്കര സഭയുടെ കലഹണ്ടി ബി.എം.പി. ബാലഗ്രാം പ്രോജെക്ടിനു വേണ്ടി പ്രവർത്തിക്കുന്ന റവ. ഫാ. ജി. തോമസുകുട്ടിയാണ്. അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ ശിഷ്യനും പുതുപ്പാടി സെന്റ് പോൾസ് ആശ്രമാംഗവുമായ അച്ചൻ 1985 മുതൽ 2003 വരെ യാച്ചാരം ബാലഭവനത്തിലും ഇപ്പോൾ (2003 മുതൽ) ഒറീസ്സയിലുള്ള കലഹണ്ടി ബി.എം.പി. ബാലഗ്രാമിലും പ്രവർത്തിച്ചുവരുന്നു. ബാലഗ്രമിലുള്ള 30 കുട്ടികളുടെയും ആദിവാസി മേഖലയിലുള്ള 79 കുട്ടികളുടെയും പഠനം ബഹു. അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആദിവാസി പെൺകുട്ടികൾക്കു വേണ്ടിയുള്ള തയ്യൽ പഠനം, ആദിവാസി മേഖലയിൽ ഭക്ഷണവസ്ത്ര വിതരണം, ആതുരസേവനം എന്നിവ ബാലഗ്രാമിൽ ബഹു. അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. പ്രസ്തുത അവാർഡ് ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിന്റെ ഇടവകദിനമായ ഡിസംബർ 25-ന് അഭിവന്ദ്യ യൂഹാനോൻ മാർ തേവോദോറൊസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നൽകപ്പെടുന്നു

ബിന്റു മത്തായി
(സെക്രട്ടറി)
055- 9177232

P.O. Box: 2563, Dubai-U.A.E., E-mail: ocymdubai@gmail.com
www.stthomasocymdubai.org